# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2312

08.05.2017-ൽ മറുപടിക്ക്

## നാദാപുരം രജിസ്ട്രേഷൻ ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) നാദാപുരം മണ്ഡലത്തിലെ പഴക്കം ചെന്ന നാദാപുരം രജിസ്ട്രേഷൻ ഓഫീസ് പുതുക്കിപ്പണിയാൻ പദ്ധതിയുണ്ടോ; | എ) നാദാപുരം ഓഫീസ് പ്രവർത്തിച്ച വരുന്ന കെട്ടിടത്തിന് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാലും കെട്ടിടത്തിന് മറ്റു കേടുപാടുകൾ ഒന്നും തന്നെ ഇല്ലാത്തതിനാലും പുതുക്കിപ്പണിയാനുള്ള സാഹചര്യം നിലവിലില്ല. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്കായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; | ബി) ബാധകമല്ല |
| സി) നാദാപുരം മണ്ഡലത്തിലെ ഏതൊക്കെ രജിസ്ട്രേഷൻ ഓഫീസുകൾ പുതുക്കിപ്പണിയാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | സി) നാദാപുരം മണ്ഡലത്തിലാകെയുള്ള നാല് സബ് രജിസ്ട്രാർ ഓഫീസുകളിൽ നാദാപുരം, കാവിലുംപാറ എന്നിവ സർക്കാർ വക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ അവ പുതുക്കി പണിയേണ്ട സാഹചര്യം ഇല്ല. തൂണേരി ഓഫീസിന്റെ കെട്ടിടനിർമ്മാണം പുരോഗമിക്കുന്നു. എടച്ചേരി ഓഫീസ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ